REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പാർലമെന്റ് ശീതകാല സമ്മേളനം ഇന്നാരംഭിക്കും. വഖഫ് ഭേദഗതി ബിൽ ഉൾപ്പെടെ 16 ബില്ലുകൾ പരിഗണനാ പട്ടികയിൽ.
- പാർലമെന്റിലെ ചർച്ചകളിലും സംവാദങ്ങളിലും ക്രിയാത്മകമായും, ഗുണപരമായും MP മാർ ഇടപെടണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.
- ആഗോള സഹകരണ സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.
- ലിംഗവിവേചനം ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയതല 'അബ് കോയീ ബഹാനാ നഹി ' കാമ്പയിനിന് ഇന്ന് തുടക്കം.
- ജനങ്ങൾ LDF ന് ഒപ്പം നിൽക്കുന്നു എന്ന് തെളിയിക്കുന്നതാണ് ഉപതിരഞ്ഞെടുപ്പ് ഫലമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ബോർഡർ ഗാവസ്കർ ട്രോഫി ക്രിക്കറ്റിൽ ഒന്നാം ടെസ്റ്റ് പിടിച്ചെടുക്കാൻ ഇന്ത്യ.

## വാർത്തകൾ വിശദമായി

പാർലമെന്റ് ശീതകാല സമ്മേളനം ഇന്നാരംഭിക്കും. ഡിസംബർ 20 വരെ നീളുന്ന സമ്മേളനകാലത്ത് 19 സിറ്റിംഗ് ഉണ്ടായിരിക്കും. ഭരണഘടനാ അനുസ്മരണ ദിനമായ നാളെ പാർലമെന്റ് സമ്മേളനം ഉണ്ടാവില്ല.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

സമ്മേളനകാലത്ത് വഖഫ് ഭേദഗതി ബിൽ ഉൾപ്പെടെ 16 ബില്ലുകൾ പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റ് ഭേദഗതി, റെയിൽവെ ഭേദഗതി ബില്ലുകൾക്കു പുറമെ, ഭാരതീയ വായുയാൻ വിധേയക് ബിൽ, തുറമുഖ ബിൽ എന്നിവയും പരിഗണനാ പട്ടികയിലുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ അധിക ധനാഭ്യർത്ഥനകളും പാർലമെന്റ് ചർച്ച ചെയ്ത് വോട്ടിനിടും.

പാർലമെന്റിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രതിപക്ഷ സഹകരണം തേടി ഇന്നലെ ഗവൺമെന്റ് സർവ്വകക്ഷിയോഗം വിളിച്ചിരുന്നു. ഏതു വിഷയവും ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണെന്ന് യോഗത്തെ അറിയിച്ചതായി പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. 30 രാഷ്ട്രീയ പാർട്ടികളുടെ 42 നേതാക്കൾ യോഗത്തിൽ പങ്കെടുത്തതായും റിജിജു പറഞ്ഞു. ഇവർ ഉന്നയിച്ച നിർദ്ദേശങ്ങൾ സഭാ ഉപദേശക സമിതിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്നും അദ്ദേഹം അറിയിച്ചു.

പ്രമുഖ വ്യവസായിക്കെതിരെ വിദേശത്ത് ഉയർന്ന കോഴ ആരോപണം, മണിപ്പൂർ സാഹചര്യം, തൊഴിലില്ലായ്മ, വടക്കേ ഇന്ത്യയിലെ മലിനീകരണം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് കോൺഗ്രസിലെ പ്രമോദ് തിവാരി ആവശ്യപ്പെട്ടു. സർവ്വകക്ഷിയോഗത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അധ്യക്ഷനായിരുന്നു.

✪✪✪

പാർലമെന്റിലെ ചർച്ചകളിലും സംവാദങ്ങളിലും ക്രിയാത്മകമായും, ഗുണപരമായും ഇടപെട്ട് തത്വാധിഷ്ഠിത പെരുമാറ്റവഴക്കം പാലിക്കാൻ ലോക്സഭാ സ്പീക്കർ ഓം ബിർള അംഗങ്ങളെ ആഹ്വാനം ചെയ്തു. MP മാർ ഉന്നതമായ പ്രവർത്തനം പാർലമെന്റിൽ കാഴ്ച വെക്കണമെന്നും അദ്ദേഹം ആകാശവാണി വാർത്തകൾക്കു നൽകിയ പ്രത്യേക അഭിമുഖത്തിൽ ആവശ്യപ്പെട്ടു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)..........

സംവരണത്തിന് ദോഷം ചെയ്യുന്ന ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാവില്ലെന്ന് ലോക്സഭാ സ്പീക്കർ വ്യക്തമാക്കി. സമൂഹത്തിലെ ദരിദ്രവിഭാഗത്തിനും, ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടവർക്കും സംവരണം ഇനിയും ആവശ്യമാണെന്ന നിലാപാടാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടേതെന്നും സ്പീക്കർ വ്യക്തമാക്കി.

ഭരണഘടന ഭീഷണി നേരിടുകയാണെന്ന ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് ഓം ബിർള പറഞ്ഞു. ജനങ്ങളുടെയും രാഷ്ട്രത്തിന്റെയും ഓരോ വിഭാഗത്തിന്റെയും സ്വന്തമാണ് ഭരണഘടനയെന്നും, അതിലെല്ലാവർക്കും വിശ്വാസമുണ്ടെന്നും സ്പീക്കർ വിലയിരുത്തി. രാഷ്ട്രീയത്തിന്റെ സങ്കുചിത കാഴ്ചപ്പാടിൽ ഭരണഘടനയെ കാണാൻ പാടില്ലെന്നും ഓം ബിർള ആവശ്യപ്പെട്ടു.

✪✪✪

നാളെ ഭരണഘടനാ ദിനം. 1949 നവംബർ 26 -ന്, ഇന്ത്യൻ ഭരണഘടനാ അസംബ്ലി, ഭരണഘടന അംഗീകരിച്ചതിന്റെ സ്മരണ പുതുക്കാനാണ് ഈ ദിനം ആചരിക്കുന്നത്. 1950 ജനുവരി 26-ന് ഭരണഘടന പ്രാബല്യത്തിൽ വന്നു. ദേശീയ നിയമ ദിനമായും ഈ ദിവസം അറിയപ്പെടുന്നു.

✪✪✪

ആഗോള സഹകരണ സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. രാജ്യാന്തര സഹകരണ സഖ്യത്തിന്റെയും ആഗോള സഹകരണ കോൺഫറൻസിന്റെയും ജനറൽ അസംബ്ലിയുടെയും നേതൃത്വത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. 130 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ആഗോള സഹകരണ സമ്മേളനം ഇന്ത്യയിൽ ചേരുന്നത്. അന്താരാഷ്ട്ര സഹകരണ വർഷമായ 2025-ന്റെ സ്മരണിക സ്റ്റാമ്പും പ്രധാനമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്യും.

ഇന്ത്യൻ ഫാർമേഴ്സ് ഫെർട്ടിലൈസർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡും സഹകരണ സ്ഥാപനങ്ങളായ അമൂലും, ക്രിബ്കോ യും ചേർന്നാണ് സമ്മേളനം ഒരുക്കുന്നത്. ആറു ദിവസത്തെ സമ്മേളനത്തിൽ 3,000 ത്തോളം വിദേശ പ്രതിനിധികളും, ഇന്ത്യൻ പ്രതിനിധികളും പങ്കെടുക്കും.

✪✪✪

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യുന്ന അന്താരാഷ്ട്ര ദിനം ഇന്ന് ആചരിക്കുന്നു. ലോകത്തിന്റെ നാനാകോണുകളിലും സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ ചെറുക്കാനും, അതിനെതിരെ ലോക മനസ്സാക്ഷിയെ ബോധവൽക്കരിക്കാനുമായാണ് ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിൽ ദിനാചരണം സംഘടിപ്പിക്കുന്നത്.

✪✪✪

ലിംഗവിവേചനം ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയതല 'അബ് കോയീ ബഹാനാ നഹി ' കാമ്പയിനിന് ന്യൂഡൽഹിയിൽ ഇന്ന് തുടക്കമാകും. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്ന ഇന്നത്തെ അന്താരാഷ്ട്ര ദിനാചരണത്തോടനുബന്ധിച്ചാണ് കാമ്പയിൻ സംഘടിപ്പിക്കുന്നത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......(വോയ്സ്)......

പൊതുജനങ്ങളും ഗവൺമെന്റും ബന്ധപ്പെട്ട മറ്റെല്ലാവരും ലിംഗപരമായ അതിക്രമങ്ങൾ അവസാനിപ്പിക്കാൻ നടപടിയെടുക്കണമെന്ന ആഹ്വാനമാണ് കാമ്പയിനിലൂടെ നൽകുന്നത്.

സ്ത്രീകൾക്കെതിരായ വിവേചനങ്ങളും, അതിക്രമങ്ങളും അവസാനിപ്പിക്കാൻ വനിതാ ശിശുക്ഷേമ മന്ത്രാലയവും, ഗ്രാമവികസന മന്ത്രാലയവും, ഐക്യരാഷ്ട്ര വനിതാ പ്രസ്ഥാനത്തിന്റെ പിന്തുണയോടെയാണ് കാമ്പയിൻ നയിക്കുന്നത്. ഓരോ പൗരന്മാരും ലിംഗവിവേചനവും അതിക്രമങ്ങളും അവസാനിപ്പിക്കുമെന്ന പ്രതിജ്ഞയെടുക്കാൻ പ്രേരിപ്പിക്കുന്ന 'അബ് കോയീ ബഹാനാ നഹി ' എന്ന ചിത്രം പ്രചാരണത്തിൽ പ്രദർശിപ്പിക്കും. 'നയീ ചേതനാ-3.0 ' പ്രചാരണത്തിനോട് ചേർന്നായിരിക്കും പുതിയ പ്രചാരണത്തിനും തുടക്കം കുറിക്കുന്നത്.

✪✪✪

ജനങ്ങൾ എത്രത്തോളം LDF ന് ഒപ്പം നിൽക്കുന്നു എന്ന് തെളിയിക്കുന്നതാണ് ഉപതിരഞ്ഞെടുപ്പ് ഫലമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മുന്നണിയ്ക്ക് ഒരു ക്ഷീണവും ഉണ്ടായിട്ടില്ല. ചേലക്കരയിൽ LDF വോട്ടുകൾ വർദ്ധിക്കുകയും, നല്ല ഭൂരിപക്ഷത്തിൽ വിജയിക്കാൻ കഴിയുകയും ചെയ്തു. പാലക്കാട്ട് LDF

ന്റെ വോട്ട് വിഹിതം വർദ്ധിപ്പിക്കാനും കഴിഞ്ഞുവെന്ന് അദ്ദേഹം വിലയിരുത്തി. കോഴിക്കോട് സൗത്ത് ഏരിയ കമ്മിറ്റി ഓഫീസായ നായനാർ ഭവൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

CPIM ന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നുവെന്നാണ് ഉപതിരഞ്ഞെടുപ്പ് ഫലം തെളിയിക്കുന്നതെന്ന് മുസ്ലീം ലീഗ് നിയമസഭാ കക്ഷി ഉപനേതാവ് ഡോ.M.K മുനീർ പറഞ്ഞു. മതനിരപേക്ഷതയും ജനപക്ഷ രാഷ്ട്രീയവും കയ്യൊഴിഞ്ഞ CPIM, വർഗീയതയാണ് ഇപ്പോൾ പയറ്റുന്നതെന്ന് മുനീർ കോഴിക്കോട്ട് ആരോപിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ കേരള ബാങ്ക് വാർഷികത്തോടനുബന്ധിച്ച കർമ്മപദ്ധതി അദ്ദേഹം ഉദ്ഘാടനം ചെയ്യും. ബാങ്കിന്റെ അവാർഡുകളും മുഖ്യമന്ത്രി വിതരണം ചെയ്യും. ഉച്ചക്ക് തലശ്ശേരി നഗരസഭയുടെ പുതിയ ഓഫീസ് മന്ദിരവും മുഖ്യമന്ത്രി നാടിന് സമർപ്പിക്കും.

M.മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന പുസ്തകത്തിന്റെ അൻപതാം വാർഷികാഘോഷ പരിപാടി അദ്ദേഹം മയ്യഴിയിൽ ഉദ്ഘാടനം ചെയ്യും. വൈകിട്ട് കൂത്തുപറമ്പ് രക്തസാക്ഷി ദിനത്തോടനുബന്ധിച്ച പൊതുയോഗവും പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിന് ഇന്ന് മുതൽ അപേക്ഷ സ്വീകരിക്കും. ബന്ധപ്പെട്ട രേഖകൾ സഹിതം അംഗീകൃത അക്ഷയ കേന്ദ്രങ്ങൾ വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഡിസംബർ 10 വരെയാണ് അപേക്ഷിക്കാൻ സമയം നൽകിയിരിക്കുന്നത്.

✪✪✪

29-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷൻ ഇന്ന് ആരംഭിക്കും. registration.iffk.in എന്ന വെബ്സൈറ്റിലൂടെയും, തിരുവനന്തപുരം ടാഗോർ തിയേറ്ററിലെ ഡെലിഗേറ്റ് സെൽ വഴി നേരിട്ടും രജിസ്ട്രേഷൻ നടത്താം.

✪✪✪

ബോർഡർ ഗാവസ്കർ ട്രോഫി ക്രിക്കറ്റിൽ ഒന്നാം ടെസ്റ്റ് പിടിച്ചെടുക്കാൻ ഇന്ത്യ. രണ്ടാം ഇന്നിംഗ്സിൽ 12 റൺസെടുക്കുന്നതിനിടെ ഓസ്ട്രേലിയയുടെ മൂന്ന് വിക്കറ്റ് വീഴ്ത്തിയ ഇന്ത്യ വിജയത്തിന് തൊട്ടരികിലാണ്. രാവിലെ 7.50 ന് പെർത്തിൽ മത്സരം ആരംഭിക്കും. 534 റൺസ് ആണ് ഓസ്ട്രേലിയയുടെ വിജയലക്ഷ്യം. ഇന്ത്യ രണ്ടാം ഇന്നിംഗ്സിൽ 487 റൺസെടുത്ത് ഡിക്ലയർ ചെയ്യുകയായിരുന്നു.

✪✪✪

കേരളം സന്തോഷ്ട്രോഫി ഫൈനൽ റൗണ്ടിലേക്ക് യോഗ്യത നേടി. ഇന്നലെ കോഴിക്കോട്ടെ മത്സരത്തിൽ പുതുച്ചേരിയെ മറുപടിയില്ലാത്ത ഏഴ് ഗോളിന് തകർത്താണ് കേരളം ഫൈനൽ റൗണ്ട് യോഗ്യത ഉറപ്പാക്കിയത്. അടുത്ത മാസം ഹൈദരബാദിലാണ് ഫൈനൽ റൗണ്ട് മത്സരങ്ങൾ.

✪✪✪

ലോകചെസ്സ് ചാമ്പ്യൻഷിപ്പ് സിംഗപ്പൂരിലെ സെന്റോസയിൽ ഇന്ന് ആരംഭിക്കും. ആദ്യ മത്സരത്തിൽ ഇന്ത്യയുടെ D . ഗുകേഷ്, ചൈനയുടെ ഡിങ് ലിറനെ നേരിടും. ഉച്ചയ്ക്ക് 2.30 നാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ കൊച്ചിയിൽ ഇന്നലെ കേരള ബ്ലാസ്റ്റേഴ്സിന് വിജയം. ചെന്നൈയിൻ FC യെ മറുപടിയില്ലാത്ത മൂന്ന് ഗോളിനാണ് ബ്ലാസ്റ്റേഴ്സ് പരാജയപ്പെടുത്തിയത്.

ഇന്ന് ഹൈദരാബാദ് FC, ഒഡീഷ FC യെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് 7.30നാണ് മത്സരം.

✪✪✪

കോഴിക്കോട് സിറ്റി പൊലീസിന്റെ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടി 'നോ നെവർ ' വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് കോഴിക്കോട് ബീച്ചിൽ ഉദ്ഘാടനം ചെയ്യും. മയക്കുമരുന്നു കച്ചവടക്കാർക്കെതിരെയും ലോബികൾക്കെതിരെയും സ്വീകരിക്കുന്ന നിയമനടപടികൾക്കു പുറമെയാണ് ബോധവത്ക്കരണ പരിപാടിയ്ക്ക് തുടക്കമിടുന്നത്.

✪✪✪

നിർമിത ബുദ്ധിയുടെ കാലത്ത് ഹാർഡ് വർക്കിൽ നിന്ന് സ്മാർട്ട് വർക്കിലേക്ക് മാറാൻ നടപടിയുണ്ടാവണമെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അഭിപ്രായപ്പെട്ടു. കേരള സ്റ്റേറ്റ് വുമൺ ആന്റ് ചൈൽഡ് വെൽഫെയർ ഓഫീസേഴ്സ് ഓർഗനൈസേഷൻ പതിനഞ്ചാം സംസ്ഥാന സമ്മേളനത്തിലെ 'വനിതാ ജീവനക്കാരുടെ സങ്കീർണതകൾ' സെമിനാർ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാങ്കേതികവിദ്യകളെ ശരിയായി ഉപയോഗപ്പെടുത്തുന്നതിലൂടെ സിവിൽ സർവീസിൽ വനിതാ ജീവനക്കാർ നേരിടുന്ന പല പ്രയാസങ്ങൾക്കും പരിഹാരം കാണാൻ കഴിയുമെന്നും ചിറ്റയം ഗോപകുമാർ പറഞ്ഞു.

✪✪✪

വെറ്ററിനറി ഡോക്ടർമാർക്കായി കോഴിക്കോട്ട് സംഘടിപ്പിച്ച സംസ്ഥാന കലോത്സവം - രാഗമാലിക-2024 ൽ തൃശ്ശൂർ ജില്ല ചാമ്പ്യന്മാരായി. കോഴിക്കോട് ജില്ലയാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

പത്തനംതിട്ട ചുട്ടിപ്പാറ SME നഴ്സിംഗ് കോളജ് വിദ്യാർഥിനി അമ്മു സജീവന്റെ മരണത്തിൽ കോളജിന്റെയും ആരോഗ്യ വകുപ്പിന്റെയും വീഴ്ചയിൽ പ്രതിഷേധിച്ച് ABVP ഇന്ന് ജില്ലയിൽ വിദ്യാഭ്യാസ ബന്ദ് നടത്തും. മരണത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടാണ് സമരം.

✪✪✪